**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1403** **30-08-2022 - ൽ മറുപടിയ്ക്ക്**

**പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം -പണി പൂർത്തിയാക്കാതെ കിടക്കുന്ന സ്കൂൾ കെട്ടിടങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . എൻ . ഷംസുദ്ദീൻ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി മണ്ണാർക്കാട് നിയോജക മണ്ഡലത്തിൽ നടത്തിവരുന്ന പ്രവൃത്തികൾ എന്തെല്ലാമാണ്; വിശദാംശം നൽകുമോ; | (എ) | പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി മണ്ണാർക്കാട് നിയോജക മണ്ഡലത്തിൽ നടത്തി വരുന്ന പ്രവൃത്തികളുടെ വിശദാംശം ചുവടെ ചേർക്കുന്നു.<br><br>**5കോടി കിഫ്‌ബി പദ്ധതി**<br><br>5കോടി കിഫ്‌ബി പദ്ധതിയിലുൾപ്പെട്ട അലനല്ലൂർ ജി.എച്ച്.എസിന്റെ നിർമ്മാണം പൂർത്തിയാക്കി ഉദ്ഘാടനം നിർവ്വഹിച്ചു.<br><br>**3 കോടി കിഫ്‌ബി പദ്ധതി**<br><br>3കോടി കിഫ്‌ബി പദ്ധതിയിലുൾപ്പെട്ട GOHSS എടത്തനാട്ടുകര സ്കൂളിന്റെ നിർമ്മാണം പുരോഗമിച്ചു വരുന്നു. 55%ത്തോളം നിർമ്മാണം പൂർത്തിയായിട്ടുണ്ട്.<br><br>GTHS ഷോളയാർ സ്കൂളിന് coverage issue ഉള്ളതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.പഴയ കെട്ടിടം പൊളിച്ചു മാറ്റി സ്ഥലം കണ്ടെത്തുന്നതിന് സാധിക്കുമോ എന്ന കാര്യം പരിശോധിച്ച് വരുന്നു.<br><br>GUPS ബീമനാട് , GHS തെങ്കര എന്നീ സ്കൂളുകളുടെ ഡിപിആർ കിഫ്‌ബി അംഗീകരിച്ചു. പുതുക്കിയ നിരക്കിൽ ഭരണാനുമതി നൽകിയിട്ടുണ്ട്. നിലവിലുള്ള എസ്റ്റിമേറ്റിൽ ഇതനുസരിച്ചുള്ള ഭേദഗതികൾ വരുത്തി സാങ്കേതികാനുമതി ലഭ്യമാക്കി ടെണ്ടർ നടപടികൾ സ്വീകരിക്കുന്നതിന് കിലയ്ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.<br><br>GVHS അഗളി സ്കൂളിന്റെ ഡിപിആർ കിഫ്‌ബിയുടെ അംഗീകാരത്തിന് സമർപ്പിച്ചിട്ടുണ്ട്.<br><br>**1 കോടി കിഫ്‌ബി പദ്ധതി** |

| | | | |
|---|---|---|---|
| | | | 1കോടി കിഫ്ബി പദ്ധതിയിലുൾപ്പെട്ട GMUPS മണ്ണാർക്കാട് സ്കൂളിന്റെ ടെണ്ടർ നടപടികൾ സ്വീകരിച്ച് വർക്ക് അവാർഡ് ചെയ്തിരുന്നു. എന്നാൽ കോൺട്രാക്ടർ കരാർ അവസാനിപ്പിക്കുന്നതിന് കത്ത് നൽകുകയുണ്ടായി. പുതിയ നിരക്ക് പ്രകാരം ടെണ്ടർ നടപടികൾ സ്വീകരിച്ചു വരുന്നു. പ്രസ്തുത സ്കൂളിൽ പ്ലാൻ ഫണ്ടുപയോഗിച്ചുള്ള 1 കോടി രൂപയുടെ നിർമ്മാണം പൂർത്തിയായി.<br><br>GUPS ചളവ സ്കൂളിന്റെ നിർമ്മാണം പുരോഗമിച്ചു വരുന്നു. 90% ത്തോളം നിർമ്മാണം പൂർത്തിയായിട്ടുണ്ട്.<br><br>**നെച്ചുള്ളി ജി.എച്ച്.എസ്.എസിന്റെ നിർമ്മാണം പൂർത്തിയാക്കി ഉദ്ഘാടനം നിർവ്വഹിച്ചു.** |
| (ബി) | നിർമ്മാണ പ്രവൃത്തികൾ നടന്നുവരുന്ന പല സ്കൂൾ കെട്ടിടങ്ങളും സമയബന്ധിതമായി പൂർത്തിയാക്കാതെ കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കെട്ടിട നിർമ്മാണം അടിയന്തരമായി പൂർത്തിയാക്കുവാൻ ബന്ധപ്പെട്ട എസ്. പി. വി.[സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ] കൾക്കും കരാറുകാർക്കും കർശന നിർദേശം നൽകുമോ? | (ബി) | ഉണ്ട്, നിർമ്മാണ പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് ബന്ധപ്പെട്ട എല്ലാ എസ്.പി.വി കൾക്കും കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ